# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 20 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

**തിരുത്ത്**

**ഈ പത്രക്കുറിപ്പിലെ ആവസാനത്തെ വാർത്ത (പഞ്ചാരി മേളം സംബ ന്ധിച്ച വാർത്തയിൽ) തന്ത്രിയുടെ പേരിൽ തിരുത്തുണ്ട്. തിരുത്തിയ ഭാഗം ചുവപ്പുനിറത്തിൽ.**

### മലകയറുന്ന അയ്യപ്പന്മാർ മുൻകരുതലെടുക്കണം

ശബരിമല: ശബരിമല ദർശനത്തിനെത്തുന്ന ഭക്തന്മാർ നിലവിൽ കഴിച്ചു കൊണ്ടിരിക്കുന്ന മരുന്നുകളെല്ലാം തുടരേണ്ടതുണ്ട്. വ്രതാനുഷ്ഠാനത്തിന്റെ ഭാഗമായി മരുന്നുകൾ നിർത്തി വയ്ക്കാൻ പാടില്ല. ശാരീരിക ക്ഷമത ഉറപ്പാക്കിവേണം മലകയറ്റം ആരംഭിക്കാൻ. അപ്പാച്ചിമേട്, നീലിമല തുടങ്ങിയ ഉയർന്ന ഭാഗങ്ങളിൽനിന്ന് വിശ്രമിക്കാതെ വേഗം നീങ്ങാൻശ്രമിക്കുമ്പോഴാണ് പലപ്പോഴും രോഗികൾ ആസന്നനിലയിൽ ആകുന്നത്. അമിത ആത്മവിശ്വാസം ഒഴിവാക്കണം. ശബരിമലയിലെ ആരോഗ്യവകുപ്പിന്റെ നോഡൽ ഓഫീസറായ ഡോ. ജി സുരേഷ്ബാബു പറഞ്ഞു. പമ്പയിൽ ആരോഗ്യവകുപ്പിന്റെ ആംബുലൻസുകൾ എപ്പോഴും സജ്ജമാക്കി നിർത്തിയിട്ടുണ്ട്.

### സന്നിധാനത്ത് പേരാമ്പ്ര ശിവശക്തി കളരിസംഘത്തിന്റെ അഭ്യാസം

ശബരിമല: കോഴിക്കോട് പേരാമ്പ്ര അമ്പാളിത്താഴ ശിവശക്തി കളരിസംഘം

വലിയനടപ്പന്തലിലെ കലാവേദിയിൽ കളരിപ്പയറ്റ് അവതരിപ്പിച്ചു. തുടർച്ചയായി അഞ്ചാം വർഷമാണ് സംഘം ശബരിമലയിൽ കളരിപ്പയറ്റിൽ വിസ്മയം തീർത്തത്. സി.ടി. മജീന്ദ്രൻ ഗുരുക്കളുടെ നേതൃത്വത്തിൽ വടക്കൻ സമ്പ്രദായത്തിലുള്ള കളരി അഭ്യാസങ്ങളാണ് കാഴ്ചവച്ചത്. പയറ്റുമുറകളാണ് കൂടുതലും അവതരിപ്പിച്ചത്. ഒറ്റക്കോൽ, വാൾ, കത്തി, കഠാര, ഉറുമി, കുന്തം എന്നിവ കൊണ്ടുള്ള പയറ്റുകളാണ് അവതരിപ്പിച്ചത്. വിദ്യാർഥികൾ ഉൾപ്പടെയുള്ള സംഘത്തിൽ വി.സി ശരത്ത്ലാൽ, കെ.കെ. നവീൻകൃഷ്ണ, കെ. റോഷിൻ, സി.കെ രജിത്ത്, സി.കെ അശ്വന്ത്, ശ്രീരാഗ്, എൻ.കെ പ്രഭീഷ്, എൻ. ശ്രീലേഷ്, കെ. നിധിൻ എന്നിവരാണ് അഭ്യാസപ്രകടനങ്ങൾ നടത്തിയത്.

## തിരുമുറ്റത്ത് പഞ്ചാരിയുടെ ലയം

ശബരിമല: ചെണ്ടമേളത്തിന്റെ ഗാംഭീര്യവും ശബ്ദസൗകുമാര്യവും കാലാതീതമായി ഒത്തിണങ്ങിയ പഞ്ചാരിമേളം ഇന്നലെ അയ്യപ്പന്റെ തിരുസന്നിധിയിൽ ധനുമാസരാവിനെ പ്രകമ്പനം കൊള്ളിച്ചു. പേരുകേട്ട തൃശ്ശൂർ തിരുവമ്പാടിയിലെ മേളപ്രമാണി ചെറുശ്ശേരി കുട്ടൻമാരാരുടെ നേതൃത്വത്തിലുള്ള സംഘമാണ് പഞ്ചാരിമേളം അവതരിപ്പിച്ചത്. തൃശൂർ പൂരത്തിന് മഠത്തിലേക്കുള്ള വരവിന്റെ പ്രമാണിയാണ്. തന്ത്രി കണ്ഠര് രാജീവര്, മേൽശാന്തി ടി.എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവർ ചേർന്ന് ദീപം തെളിച്ചുകൊണ്ടാണ് മേളത്തിന് തുടക്കമിട്ടത്. പതികാലത്തിൽ തുടങ്ങി ചെമ്പടയിലേക്ക് കടന്ന് തിരുകലാശത്തോടെയാണ് മേളം അവസാനിപ്പിച്ചത്. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം, തൃപ്പൂണിത്തുറ പൂർണത്രയീശക്ഷേത്രം എന്നിവിടങ്ങളിലെ മേളപ്രമാണിയാണ് ചെറുശ്ശേരി കുട്ടൻമാരാർ. 102 പേരാണ് ഇദ്ദേഹത്തോടൊപ്പം മേളത്തിൽ അണിചേർന്നത്. കൊമ്പത്ത് അനിൽ കുഴലിന്റെ പ്രമാണിയായപ്പോൾ തൃക്കൂർ സജി കൊമ്പിന്റെ പ്രമാണിയായി. മേളം അയ്യപ്പന്മാരുടെ മനം കവർന്നു

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 20 | 2016 |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

**നിലയ്ക്കൽ ഇടത്താവളത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും**

ശബരിമല: പമ്പ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പു മേധാവികളുടെ ഏകോപന യോഗത്തിൽ സുരക്ഷ, പാർക്കിംഗ്, രാത്രികാല സഞ്ചാരം, ടോൾ പിരിവ് എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് തീരുമാനങ്ങൾ എടുത്തു. റവന്യൂ, പോലീസ്, ഫയർ അൻഡ് റെസ്ക്യൂ എന്നീ വകുപ്പുകൾ സംയുക്തമായി ഹോട്ടലുകളിൽ പാചകവാതക സിലിണ്ടറുകളുടെ ഉപയോഗം സംബന്ധിച്ച് പരിശോധന നടത്തും. അയ്യപ്പന്മാരുടെ സുരക്ഷയെ കണക്കിലെടുത്ത് നിലയ്ക്കലും പരിസരങ്ങളിലും കൈതച്ചക്ക വിൽപ്പന നിരോധിക്കും. പാർക്കിംഗ് ഗ്രൗണ്ടുകളിലല്ലാതെ വാഹനങ്ങൾ ഫുട്പാത്തിൽ പാർക്കു ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. വാഹനം പാർക്കിംഗ് ഗ്രൗണ്ടിൽ പ്രവേശിച്ചതിനുശേഷം മാത്രമേ ഫീസ് ഈടാക്കാവൂ എന്നും, പ്രവേശന കവാടത്തിലുള്ള ടോൾപിരിവ് അവസാനിപ്പിക്കുവാനും കുത്തകക്കാരന് നിർദേശം നൽകി. വലിയ, ഇടത്തരം, ചെറു വാഹനങ്ങൾ എന്ന രീതിയിൽ പാർക്കിംഗ് ഏരിയയിൽ ബോർഡ് സ്ഥാപിക്കാൻ ദേവസ്വം ബോർഡിന് നിർദേശം നൽകി. രാത്രികാലങ്ങളിൽ ആവശ്യാനുസരണം അയ്യപ്പന്മാർക്ക് നിലയ്ക്കലിൽനിന്നും പമ്പയിലേക്ക് കെഎസ്ആർടിസി സർവീസ് നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി. രാത്രികാലങ്ങളിൽ കാട്ടാനശല്യം ഉള്ളതിനാൽ അയ്യപ്പന്മാർ ഓട്ടോറിക്ഷ, ഇരുചക്രവാഹനങ്ങളിലുള്ള യാത്ര ഒഴിവാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ റവന്യൂ, പോലീസ്, വനം, എക്സൈസ്, മോട്ടോർവാഹന വകുപ്പ്, വാട്ടർ അഥോറിറ്റി, ബിഎസ്എൻഎൽ, ലീഗൽ മെട്രോളജി, അഗ്നിശമന

സേന, വൈദ്യുതി, ദേവസ്വം എന്നീ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ പ
ങ്കെടുത്തു.

